# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 972** **30/09/2016-ൽ മറുപടിക്ക്**

## കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

**ചോദ്യം**
ശ്രീ. എം.ഉമ്മർ

**മറുപടി**
ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി 60 വയസ്സ് കഴിഞ്ഞ അംഗത്തിന് അതിവർഷാനുകൂല്യം നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം 60 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളികൾക്ക് നൽകുന്ന റിട്ടയർമെന്റ് ആനുകൂല്യം (അതിവർഷാനുകൂല്യം) യഥാസമയം വിതരണം ചെയ്യുന്നതിന് ബോർഡിന് സാധിക്കുന്നില്ല. 2010 മുതലുള്ള റിട്ടയർമെന്റ് ആനുകൂല്യം തൊഴിലാളികൾക്ക് നൽകുന്നതിന് കുടിശ്ശികയായുണ്ട്. |
| (ബി) | എങ്കിൽ 2016 ആഗസ്റ്റ് 31 വരെയുള്ള അപേക്ഷകളിൽ ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കാമോ; | ബി) 264355 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ 1/P2/33/2226 എന്ന അംഗ നമ്പരിലുള്ള വ്യക്തി പ്രസ്തുത അതിവർഷാനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നോ; വിശദമാക്കാമോ; | സി) തിരുവനന്തപുരം ജില്ലയിലെ 1/P2/33/2226, ശ്രീമതി. സ്വർണ്ണമ്മാൾ നടത്തരികത്ത് വീട്, അങ്കമാലിക്കൽ, ആനാട്.പി.ഒ, എന്നയാൾ അതിവർഷാനുകൂല്യം ലഭിക്കുന്നതിനായി ബോർഡിന്റെ തിരുവനന്തപുരം ഡിവിഷണൽ ഓഫീസിൽ 31/10/2012-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകാൻ എപ്പോൾ കഴിയും എന്ന് വ്യക്തമാക്കാമോ ? | ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം ബോർഡിന് ക്ഷേമാനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നതിന് സാധിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ 15/03/2010 വരെ ലഭിച്ച അപേക്ഷകളിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിലാണ് ആനുകൂല്യം നൽകുന്നത്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക്, 31.10.2012 ലെ അപേക്ഷകളുടെ ക്രമം എത്തുമ്പോൾ പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ